പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 154 — 03.05.2017-ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി. ആർ. സുനിൽ കുമാർ<br>ശ്രീ. മുഹമ്മദ് മുഹസിൻ. പി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിലിന്റെ രണ്ടാം ഘട്ട വികസനത്തിന് കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഇല്ല.<br><br>കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിഷ്കരിച്ച DPR തയ്യാറാക്കുകയും, പുതുക്കിയ ഫണ്ടിംഗ് ഘടനയിൽ (2577.25 കോടി രൂപ) വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സർക്കാർ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി നൽകേണ്ടതുണ്ട്. |
| (ബി) | കലൂർ - കാക്കനാട് ഇൻഫോപാർക്ക് ലൈൻ എത്ര കിലോമീറ്റർ ദൈർഘ്യം വരുന്നതാണെന്നും എത്ര സ്റ്റേഷനുകൾ ഉള്ളതാണെന്നും അറിയിക്കുമോ ; | (ബി) | 11.2 കിലോമീറ്റർ. 11 സ്റ്റേഷനുകൾ. |
| (സി) | പ്രസ്തുത ലൈനിന് വേണ്ടി വരുന്ന ചെലവ് എത്രയാണെന്നും ആയത് പങ്കിടുന്നതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ? | (സി) | പദ്ധതിച്ചെലവ് 2577.25 കോടി രൂപയാണ്. ടി തുക പങ്കിടുന്നത് സംബന്ധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ ഇൻഫോപാർക്ക് വരെയുള്ള ഘട്ടം - II-ന് കണക്കാക്കിയിട്ടുള്ള പദ്ധതി വിഹിത വിശദാംശങ്ങൾ

| ഇനവിവരം | വിവിധ നികുതിയിനങ്ങൾ ഉൾപ്പെടെയുള്ള മൂലധനച്ചെലവിന്റെ വിശദാംശം | |
|---|---|---|
| | 2016 സെപ്റ്റംബറിലെ വിലയനുസരിച്ച് (തുക കോടിയിൽ) | തുക ശതമാനത്തിൽ |
| ഓഹരി (ഭാരത സർക്കാർ) | 313.77 | 14.09 |
| ഓഹരി (കേരള സർക്കാർ) | 313.77 | 14.09 |
| കേന്ദ്ര നികുതികൾ ഭാരത സർക്കാർ വഹിക്കേണ്ടത് (50%) - കീഴ്ക്കടം | 131.64 | 5.91 |
| കേന്ദ്ര നികുതികൾ സംസ്ഥാന സർക്കാർ വഹിക്കേണ്ടത് (50%) - കീഴ്ക്കടം | 131.64 | 5.91 |
| വസ്തുവിന്റെ വികസനം | 115.68 | 5.19 |
| Pass through assistance (PTA)/ ടേം ലോൺ | 1220.53 | 54.81 |
| **ആകെ** | **2227.03** | **100** |
| സ്ഥലം ഏറ്റെടുക്കൽ, സംസ്ഥാന നികുതികൾ - കേരള സർക്കാർ വഹിക്കേണ്ടത് (കീഴ്ക്കടം) | 313.3 | |
| **ആകെ** | **2540.33** | |
| Interest during construction (IDC) - കേരള സർക്കാർ വഹിക്കേണ്ടത് | 36.92 | |
| **ആകെ മൊത്തം** | **2577.25** | |

| സ്രോതസ് | ആകെ വിഹിതം (തുക കോടിയിൽ) |
|---|---|
| കേരള സർക്കാർ | 758.71 |
| ഭാരത സർക്കാർ | 445.41 |
| ടേം ലോൺ | 1220.53 |
| വസ്തുവിന്റെ വികസനം | 115.68 |
| Interest during construction (IDC) - കേരള സർക്കാർ വഹിക്കേണ്ടത് | 36.92 |
| ആകെ | 2577.25 |